# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5847 09-07-2012-ൽ മറുപടിക്ക്

## സ്വകാര്യ -സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച്

| ചോദ്യം<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. റ്റി. വി. രാജേഷ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സ്വകാര്യ -സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് എയിഡഡ് കോളേജ് മാനേജ്മെന്റുകൾക്ക് സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് പദ്ധതിയുണ്ടോ ; ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ ; | എ) ഇല്ല |
| ബി) ഈ സർക്കാർ സംസ്ഥാനത്ത് സ്വകാര്യ കോളേജ് മാനേജുമെന്റുകൾക്കോ, സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾക്കോ ഭൂമി പതിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ഏതെല്ലാം മാനേജ്മെന്റിന് എത്ര വീതം ; ഏതെല്ലാം വ്യവസ്ഥകളിൽ എന്ന് വിശദമാക്കാമോ ; | ബി) തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിന് 15.47 ഏക്കർ ഭൂമിയും തൃശ്ശൂർ സെന്റ് തോമസ് കോളേജിന് 1.19 ഏക്കർ ഭൂമിയും തൃശ്ശൂർ സെന്റ് മേരീസ് കോളേജിന് 55.701 സെന്റ് ഭൂമിയും സെന്റൊന്നിന് 100 രൂപ ഈടാക്കി പതിച്ചു നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| സി) ഏതെല്ലാം മാനേജ്മെന്റുകളാണ് ഭൂമിയ്ക്കു വേണ്ടി റവന്യു വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ; ഏതെല്ലാം അപേക്ഷകളാണ് ഭൂമി പതിച്ചു നൽകുന്നതിന് പരിഗണിച്ചിരിക്കുന്നത് ; | താഴെ വിവരിക്കുന്ന മാനേജ് മെന്റുകൾ ഭൂമിയ്ക്കു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് :-<br><br>തിരുവനന്തപുരം: ആൾസെയിന്റ്സ് കോളേജ്, തിരുവനന്തപുരം താലൂക്ക്<br>കൊല്ലം : ശ്രീ. എം. അബ്ദുൾ അസീസ് . പൊടികുഞ്ഞ് മുസലിയാർ മെമ്മോറിയൽ ചാരിറ്റബിൾ എഡ്യൂക്കേഷൻ ട്രസ്റ്റ്, ചന്ദനത്തോപ്പ്, കൊല്ലം |

(........2)

| | |
|---|---|
| | തൃശ്ശൂർ : ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്<br>സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.<br>സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ<br>(ടി കോളേജുകൾക്ക് ഭൂമി പതിച്ചു<br>ഉത്തരവായിട്ടുണ്ട്.)<br>കോഴിക്കോട് : മംഗലം എഡ്യൂക്കേഷണൽ<br>സൊസൈറ്റി, ആദർശ സംസ്കൃത<br>വിദ്യാപീഠം |
| ഡി) തൃശ്ശൂർ ജില്ലയിലെ സെന്റ് തോമസ്, സെന്റ് മേരീസ്, ക്രൈസ്റ്റ് എന്നീ കോളേജ് മാനേജ്മെന്റുകൾ ഭൂമി പതിച്ചു കിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; പ്രസ്തുത അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | ഡി) ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ എന്നീ കോളേജ് മാനേജ്മെന്റുകൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, ടി സ്ഥാപനങ്ങൾക്ക് യഥാക്രമം 08.03.2012 ലെ ജി.ഒ.(എം.എസ്) 98/12/റവന്യൂ, 13.03.2012-ലെ ജി.ഒ.(എം.എസ്) 104/12/റവന്യൂ, 13.03. 2012-ലെ ജി.ഒ.(എം.എസ്) 105/12/റവന്യൂ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭൂമി പതിച്ചു നൽകുവാൻ അനുമതി നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ